**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1403** **28-07-2021 - ൽ മറുപടിയ്ക്ക്**

**പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങളിലെ മുൻഗണനകൾ/ ഇളവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | വിവിധ സർക്കാർ വകുപ്പുകളിലെ ജില്ലാതല റാങ്ക് പട്ടികകളിൽ നിന്നും ഹെഡ്ക്വാർട്ടേഴ്സ് നിയമനം ലഭിച്ച് തിരുവനന്തപുരത്ത് ജോലി ചെയ്തു വരുന്ന ജീവനക്കാർക്ക് തിരികെ സ്വന്തം ജില്ലയിലേക്ക് സ്ഥലം മാറ്റം ലഭിക്കാൻ നിലവിലെ പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങളിൽ നിന്നും എന്തെല്ലാം മുൻഗണനകൾ/ ഇളവുകൾ ആണ് നൽകുന്നതെന്ന് വിശദമാക്കാമോ; | (എ) | പ്രസ്തുത വിഭാഗം ജീവനക്കാർക്ക് അവർ പി.എസ്.സി പരീക്ഷയ്ക്ക് തെരഞ്ഞെടുത്ത ജില്ലയിൽ സ്ഥലം മാറ്റം ലഭിക്കുന്നതിന് പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ ബാധകമല്ല. എന്നാൽ, ടി വിഭാഗക്കാർക്ക് അന്തർ ജില്ലാ/അന്തർവകുപ്പ് സ്ഥലം മാറ്റം വ്യവസ്ഥകൾക്ക് അനുസൃതമായി അനുവദിക്കാവുന്നതാണ്. |
| (ബി) | സർക്കാരിലെ എല്ലാ വകുപ്പുകളിലും ഈ മുൻഗണനകൾ/ ഇളവുകൾ ലഭ്യമാണോയെന്നറിയിക്കാമോ; | (ബി) | പ്രസ്തുത വിഭാഗം ജീവനക്കാർക്ക് അവർ പി.എസ്.സി പരീക്ഷയ്ക്ക് തെരഞ്ഞെടുത്ത ജില്ലയിൽ സ്ഥലം മാറ്റം ലഭിക്കുന്നതിന് പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ ബാധകമല്ല. എന്നാൽ, ടി വിഭാഗക്കാർക്ക് അന്തർ ജില്ലാ/അന്തർവകുപ്പ് സ്ഥലം മാറ്റം വ്യവസ്ഥകൾക്ക് അനുസൃതമായി അനുവദിക്കാവുന്നതാണ്. |
| (സി) | സീനിയോറിറ്റി നഷ്ടപ്പെടാതെ തന്നെ ഇവർക്ക് സ്വന്തം ജില്ലയിലെ മറ്റേതെങ്കിലും ഒഴിവുള്ള വകുപ്പിലേക്ക് ഇന്റർ ഡിപ്പാർട്ട്മെന്റ് ട്രാൻസ്ഫർ അനുവദനീയമാണോ; വിശദമാക്കാമോ? | (സി) | 06-02-2013 ലെ സ.ഉ.(പി)നം.5/2013/ഉഭപവ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം അന്തർ വകുപ്പ് സ്ഥലം മാറ്റം അനുവദിക്കാവുന്നതാണ്. 10-07-2014 ലെ സ.ഉ.(പി)നം.20/2014/ഉഭപവ, 14-11-2014-ലെ സ.ഉ.(പി)നം.38/2014/ഉഭപവ, എന്നീ ഉത്തരവുകൾ പ്രകാരം ലാസ്റ്റ് ഗ്രേഡ് ഇതര തസ്തികകളിൽ ഒരു വകുപ്പിന്റെ ഹെഡ് ക്വാർട്ടേഴ്സ് തസ്തികയിൽ നിയമിതനായ ജീവനക്കാർക്ക് മാതൃജില്ലയിൽ (അവർ പരീക്ഷ എഴുതുന്നതിനു തെരഞ്ഞെടുത്ത ജില്ല) നിയമനം ലഭിച്ച വകുപ്പിൽ അഞ്ച് വർഷങ്ങൾക്കുള്ളിൽ ഒഴിവുകൾ ഉണ്ടായേക്കില്ല അല്ലെങ്കിൽ നിയമനം ലഭിച്ച വകുപ്പിനു മാതൃജില്ലയിൽ ഓഫീസ് ഇല്ല എങ്കിലോ സീനിയോറിറ്റി നഷ്ടം കൂടാതെ മാതൃജില്ലയിൽ അന്തർ വകുപ്പ് സ്ഥലം മാറ്റം അനുവദിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ